# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 180 /71, Kottapuram Road, Thrissur-4**
**(Affiliated to C.I.T.U.No.K.1128)**
**Email: ksfesacitusc@gamil.com, Web: www.ksfesa.com**

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**


## സർക്കുലർ 6/2017

സഖാക്കളേ,

സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം 14-8-17 (തിങ്കൾ) രാവിലെ 10.30ന് സിഐടിയു സംസ്ഥാന കമ്മിറ്റി ഓഫീസിൽ ചേർന്നു. സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് സ. എളമരം കരിം അദ്ധ്യക്ഷത വഹിച്ചു.

എൻസിപി സംസ്ഥാന പ്രസിഡന്റ് ഉഴവൂർ വിജയൻ, സിഐടിയു സംസ്ഥാന കമ്മിറ്റിയംഗം സ.പി.വി.കൃഷ്ണൻ, വാഹന അപകടത്തിൽ പരിക്കേറ്റ് ചികിത്സ നിഷേധിച്ചതിനെ തുടർന്ന് മരണപ്പെട്ട തിരുനെൽവേലി സ്വദേശി മുരുകൻ, ഗോരഖ്പൂർ ബി.ആർ.ഡി. മെഡിക്കൽ കോളേജിൽ 'പ്രാണവായു' നിഷേധിച്ചതിനെ തുടർന്ന് മരണപ്പെട്ട കുഞ്ഞുങ്ങൾ എന്നിവരുടെ നിര്യാണത്തിൽ സംസ്ഥാന കമ്മിറ്റിയോഗം അനുശോചനം രേഖപ്പെടുത്തി. പ്രസിഡന്റ് രാഷ്ട്രീയ റിപ്പോർട്ടും ജനറൽ സെക്രട്ടറി പ്രവർത്തനറിപ്പോർട്ടും ട്രഷറർ വരവ് ചിലവ് കണക്കും അവതരിപ്പിച്ചു. സംസ്ഥാന സമ്മേളന വരവ് ചെലവ് കണക്ക് അംഗീകരിച്ചു.

**തീരുമാനങ്ങൾ**

1. **2017 സെപ്തംബർ 20ന് ഹെഡ് ഓഫീസ് മാർച്ചും ധർണയും**

ജീവനക്കാരുടെ നിരവധിയായ പ്രശ്നങ്ങൾ നേരിട്ടും കത്തു മുഖേനയും മാനേജ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും, പ്രശ്നങ്ങൾ പരിഹരിക്കാൻ യാതൊരു ശ്രമവും ഉണ്ടാകുന്നില്ല. മാനേജ്മെന്റിന്റെ നിഷേധ സമീപനം തിരുത്തുന്നതിന് ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു. ഇതിന്റെ ആദ്യപടിയായി 2017 സെപ്തംബർ 20ന് ഹെഡ് ഓഫീസിന് മുന്നിൽ ആയിരത്തിലധികം ജീവനക്കാരെ അണിനിരത്തി പ്രതിഷേധ മാർച്ചും ധർണയും നടത്താൻ തീരുമാനിച്ചു. സംഘടനയുടെ സംസ്ഥാന പ്രസിഡന്റും സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറിയുമായ സ. എളമരം കരിം ധർണ ഉദ്ഘാടനം ചെയ്യും.

മാർച്ചിനും ധർണ്ണയ്ക്കും മുന്നോടിയായി 2017 ആഗസ്റ്റ് 29-ന് അവകാശദിനം ആചരിക്കാനും തീരുമാനിച്ചു. അന്നേ ദിവസം ജീവനക്കാർ പ്രതിഷേധ ബാഡ്ജ് ധരിക്കണം. HO/RO ഓഫീസുകൾക്ക് മുന്നിലും ജില്ലാ കേന്ദ്രങ്ങളിലും പ്രകടനവും വിശദീകരണയോഗവും ചേരണമെന്ന് തീരുമാനിച്ചു.

**പ്രതിഷേധ ധർണയ്ക്കാധാരമായ വിഷയങ്ങൾ**

1. അസിസ്റ്റന്റ്, അസിസ്റ്റന്റ് മാനേജർ തസ്തികകൾ ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുന്ന നടപടി പിൻവലിക്കുക.
2. അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുക.
3. അസിസ്റ്റന്റ് മാനേജർ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുക.
4. വർക്മെൻ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പാക്കുക.
5. 2014 മുതൽ സർവീസിൽ പ്രവേശിച്ച അസിസ്റ്റന്റ്, ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ പെൻഷൻ പദ്ധതി പ്രഖ്യാപിക്കുക. പുതിയ ജീവനക്കാരെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നൊഴിവാക്കിയ തീരുമാനം പിൻവലിക്കുക.
6. 2014-15-ലെ ബോണസ് കുടിശിക നൽകുക.
7. CASBA സോഫ്റ്റ് വെയറിന്റെ അപാകത പരിഹരിക്കുക.
8. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 1/14 ഉത്തരവനുസരിച്ചുള്ള 10% പ്രമോഷൻ ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്കനുവദിക്കുക.

9. പുനഃസംഘടനയുടെ പേരിൽ അനാവശ്യമായി ഉന്നത തസ്തികകൾ സൃഷ്ടിക്കാനുള്ള നീക്കത്തിൽ നിന്നും മാനേജ്മെന്റ് പിന്തിരിയുക.
10. റീജിയണൽ മാനേജർ തസ്തികയിലുൾപ്പെടെ 'ഇൻ ചാർജ്' സമ്പ്രദായം അവസാനിപ്പിച്ച്, സീനിയോറിറ്റിയ്ക്ക് മുൻഗണന നൽകി പ്രമോഷൻ നൽകുക. ഇക്കാര്യത്തിൽ മാനേജ്മെന്റിന്റെ ദളിത് വിവേചനം അവസാനിപ്പിക്കുക.
11. റിട്ടയർ ചെയ്ത ജീവനക്കാരന് പുനർനിയമനം നൽകിയ ബോർഡ് തീരുമാനം പിൻവലിക്കുക.
12. കെ.എസ്.എഫ്.ഇയുടെ ബിസിനസ് പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനും കുടിശിക നിവാരണത്തിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.

**2. 2017 നവംബർ 9,10,11 തീയതികളിൽ പാർലമെന്റ് മന്ദിരത്തിന് മുന്നിൽ തൊഴിലാളികളുടെ മഹാധർണ**

കേന്ദ്ര സർക്കാർ പിന്തുടരുന്ന രാജ്യവിരുദ്ധവും ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവുമായ നയങ്ങൾ തിരുത്തണമെന്നും പൊതുസമൂഹത്തെ ഭിന്നിപ്പിക്കാനും പാർശ്വവത്കരിക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശക്തമായ പ്രക്ഷോഭങ്ങൾ ഉയർത്താൻ രാജ്യത്തെ 12 കേന്ദ്ര-ട്രേഡ് യൂണിയനുകളും കേന്ദ്ര-സംസ്ഥാന ജീവനക്കാരുടെ സംഘടനകളും തീരുമാനിച്ചിരിക്കുകയാണ്. 2017 ആഗസ്റ്റ് 8-ന് ന്യൂഡൽഹിയിൽ ചേർന്ന തൊഴിലാളികളുടെ അഖിലേന്ത്യാ കൺവെൻഷൻ 2017 നവംബർ 9,10,11 തീയതികളിൽ പാർലമെന്റ് മന്ദിരത്തിന് മുന്നിൽ മഹാധർണ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് ചുവടെ കൊടുക്കുന്ന ക്രമത്തിൽ 50 സഖാക്കളാണ് മഹാധർണയിൽ പങ്കെടുക്കേണ്ടത്.

**ജില്ലാ കമ്മിറ്റികൾക്ക് നിശ്ചയിച്ച ക്വാട്ട**

| | | | | | |
|---|---|---|---|---|---|
| തിരുവനന്തപുരം | - | 10 | തൃശ്ശൂർ | - | 5 |
| കൊല്ലം | - | 9 | പാലക്കാട് | - | 3 |
| പത്തനംതിട്ട | - | 1 | മലപ്പുറം | - | 1 |
| കോട്ടയം | - | 4 | കോഴിക്കോട് | - | 3 |
| ആലപ്പുഴ | - | 4 | കണ്ണൂർ | - | 2 |
| ഇടുക്കി | - | 1 | വയനാട് | - | 1 |
| എറണാകുളം | - | 5 | കാസർകോട് | - | 1 |

തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നിന്നും ധർണയിൽ പങ്കെടുക്കുന്നവരുടെ ചുമതല സ. ഷുബി അലിക്കും പത്തനംതിട്ട മുതൽ എറണാകുളം വരെയുള്ള ജില്ലകളുടെ ചുമതല സ. സജുവിനും തൃശൂർ മുതൽ കാസർകോട് വരെയുള്ള ജില്ലകളുടെ ചുമതല സ. ബി.എസ്. വിജയകുമാറിനും വനിതകളുടെ ചുമതല സ. ശ്രീനിമോൾക്കും നൽകി. എത്രയും വേഗം തന്നെ ടിക്കറ്റ് ബുക്കു ചെയ്യുന്നതിനുള്ള പ്രവർത്തനം നടത്തേണ്ടതാണ്.

**3. സിഐടിയു പ്രവർത്തനഫണ്ട്**

ആഗസ്റ്റ് മാസത്തിൽ സിഐടിയു പ്രവർത്തനഫണ്ട് അംഗങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. 200 രൂപാ നിരക്കിലാണ് ഫണ്ട് ശേഖരിക്കേണ്ടത്. പാർട് ടൈം ജീവനക്കാരിൽ നിന്നും 100 രൂപയാണ് ശേഖരിയ്ക്കേണ്ടത്. 25-ാം തീയതി തന്നെ ഫണ്ട് സമാഹരണം പൂർത്തിയാക്കി സംസ്ഥാന കമ്മിറ്റിയ്ക്ക് ഫണ്ട് കൈമാറേണ്ടതാണ്.

**4. ശമ്പള പരിഷ്കരണം - അവകാശപത്രിക**

2017 ആഗസ്റ്റ് 1 മുതൽ നടപ്പാക്കേണ്ട പുതിയ ശമ്പള പരിഷ്കരണത്തിന് വേണ്ടിയുള്ള അവകാശപത്രികയുടെ കരട് എല്ലാ യൂണിറ്റുകളിലേക്കും അയക്കാനും തീരുമാനിച്ചു. യൂണിറ്റ് യോഗം ചേർന്ന് ചർച്ച ചെയ്ത് അഭിപ്രായങ്ങളും നിർദേശങ്ങളും ജില്ലാ സെക്രട്ടറിമാർ മുഖേന സംസ്ഥാന കമ്മിറ്റിയ്ക്ക് നൽകേണ്ടതാണ്.

**5. ജില്ലാ പഠന ക്യാമ്പുകൾ**

ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലായി ജില്ലാ പഠനക്യാമ്പുകൾ പൂർത്തിയാക്കാൻ തീരുമാനിച്ചു.

**6. സെമിനാർ**

ധനമേഖലയിലെ പരിഷ്കാരങ്ങളുടെ കാൽനൂറ്റാണ്ട്, GST യും KSFE യും എന്നീ വിഷയങ്ങളെ അധികരിച്ച് സെപ്തംബർ മാസത്തിൽ സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിച്ചു. സംസ്ഥാന കമ്മിറ്റിയംഗങ്ങളും ജില്ലാ ഭാരവാഹികളും പങ്കെടുക്കണം.

**7. ചിന്ത ഹോം ലൈബ്രറി പദ്ധതി**

റെഡ്, വൈറ്റ് എന്നിങ്ങനെ യഥാക്രമം 5,000 രൂപ, 10,000 രൂപ ക്രമത്തിൽ അംഗത്വകാർഡുകളുള്ള ചിന്താ ഹോം ലൈബ്രറി പദ്ധതി എല്ലാ പുസ്തക പ്രേമികളും പ്രയോജനപ്പെടുത്തണമെന്നു സംഘടന അഭ്യർത്ഥിക്കുന്നു.

കേരളത്തിൽ മറ്റൊരു പ്രസാധകരും നൽകാത്ത ആനുകൂല്യങ്ങളാണ് ഈ പദ്ധതി മുഖേന അംഗങ്ങൾക്ക് ലഭിക്കുന്നത്. നിക്ഷേപത്തിന് ഓരോ വർഷവും 42.85% പലിശയ്ക്ക് തുല്യമായ പുസ്തകങ്ങളാണ് ലഭിക്കുക.

**8. ജില്ലാ കമ്മിറ്റി യോഗങ്ങൾ**

താഴെ കൊടുക്കുന്ന വിധം ജില്ലാ കമ്മിറ്റി യോഗങ്ങൾ ചേരാൻ തീരുമാനിച്ചു.

| | ജില്ല | തീയതി | പങ്കെടുക്കുന്ന ഭാരവാഹി |
|---|---|---|---|
| 1. | വയനാട് | 20-8-17 | ടി.സി. രാധാകൃഷ്ണൻ |
| 2. | കോഴിക്കോട് | 20-8-17 | പി. ദേവദാസ് |
| 3. | കണ്ണൂർ | 27-8-17 | ടി.സി. രാധാകൃഷ്ണൻ |
| 4. | കാസർകോട് | 28-8-17 | ടി.സി. രാധാകൃഷ്ണൻ |
| 5. | മലപ്പുറം | 9-9-17 | ഷുബി അലി.എം. |
| 6. | പാലക്കാട് | 28-8-17 | പി. ദേവദാസ് |
| 7. | തൃശ്ശൂർ | 20-8-17 | ബി.എസ്. വിജയകുമാർ |
| 8. | എറണാകുളം | 28-8-17 | ഷുബി അലി.എം |
| 9. | ഇടുക്കി | 27-8-17 | സജു.എസ് |
| 10. | കോട്ടയം | 28-8-17 | സജു.എസ് |
| 11. | ആലപ്പുഴ | 28-8-17 | ശ്രീനിമോൾ.ടി.എം. |
| 12. | പത്തനംതിട്ട | 20-8-17 | സജു. എസ് |
| 13. | കൊല്ലം | 28-8-17 | മുരളീകൃഷ്ണപിള്ള.എസ് |
| 14. | തിരുവനന്തപുരം | 27-8-17 | ഷുബി അലി.എം |

സഖാക്കളേ,

നമ്മുടെ രാജ്യത്ത് ഹിന്ദുദേശീയതയും മതരാഷ്ട്രവാദവും അപകടകരമാംവണ്ണം ശക്തിപ്രാപിക്കുന്നതിനൊപ്പം ദളിതർക്കും ന്യൂനപക്ഷങ്ങൾക്കുമെതിരായുള്ള അതിക്രമങ്ങൾ വർധിച്ചുവരുകയാണ്. പശുമാംസത്തിന്റെ പേരിലും ചത്തപശുക്കളുടെ തോലുരിച്ചതിന്റെ പേരിലും വേട്ടപ്പട്ടികളേക്കാൾ ക്രൂരമായാണ് നിസ്സഹായരായ ദളിത് - ന്യൂന പക്ഷ വിഭാഗങ്ങൾക്ക് നേരെ ആൾക്കൂട്ട ഭീകരത അരങ്ങേറുന്നത്. ദളിത് - ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അക്ര മണങ്ങളെ അപലപിച്ചതിനാണ് ത്രിപുര മുഖ്യമന്ത്രി സ: മണിക് സർക്കാരിന്റെ സ്വാതന്ത്ര്യദിന പ്രസംഗം ദൂരദർശനും ആകാശവാണിയും സംപ്രേഷണം ചെയ്യാതിരുന്നത്. ആർ.എസ്.എസ് സർസംഘ് ചാലക് മോഹൻ ഭഗവതിന്റെ പ്രസംഗം ആകാശവാണിയിലൂടെ സംപ്രേഷണം ചെയ്തതും നമ്മുടെ മഹത്തായ മതേതര രാജ്യത്താണ്. നമ്മുടെ രാജ്യത്തെ മതന്യൂനപക്ഷങ്ങൾ അരക്ഷിതാവസ്ഥയിലാണ് എന്ന് പരാമർശിച്ചത് 10 വർഷം ഉപരാഷ്ട്രപതിയായി രുന്ന, അന്തർദേശീയതലത്തിൽ അറിയപ്പെടുന്ന സ്റ്റേറ്റ്മാൻ കൂടിയായ ഡോ.ഹമീദ് അൻസാരിയാണ്. അദ്ദേഹ ത്തിന് ഇങ്ങനെ പരാമർശിക്കേണ്ടി വന്ന സാഹചര്യങ്ങൾ വസ്തുതാപരമായി പരിശോധിച്ച് തിരുത്തുന്നതിന് പകരം അദ്ദേഹത്തെ അപമാനിക്കാനാണ് പ്രധാനമന്ത്രി മുതിർന്നത്. ഓക്സിജൻ ശ്വസിക്കുകയും ഓക്സിജൻ പുറത്തേയ്ക്ക് വിടുകയും ചെയ്യുന്ന വിശുദ്ധജീവിയായ പശുവിനെ സംരക്ഷിക്കാൻ 100 കോടി ചെലവിട്ട ഉത്തർപ്ര ദേശിലാണ് മനുഷ്യശിശുക്കൾ ഓക്സിജൻ കിട്ടാതെ മരിക്കുന്നത്. പശുക്കളെ കൊണ്ടുപോകാൻ ആംബുലൻസുള്ള സംസ്ഥാനത്ത് പ്രാണവായു ഇല്ലാതെ പിടഞ്ഞു മരിച്ച കുഞ്ഞുങ്ങളുടെ മൃതശരീരവുമായി ഹൃദയം നുറുങ്ങുന്ന വേദനകളോടെയാണ് അച്ഛനമ്മമാർ സൈക്കിളിന് പിന്നിലിരുന്ന് വീടുകളിലേയ്ക്ക് പോകുന്നത്. വർഗീയതയുടെ മറവിൽ വ്യാപകമായ ജനവിരുദ്ധ നയങ്ങളാണ് യഥാർത്ഥത്തിൽ അരങ്ങേറുന്നത്.

'മത്സരം വിലക്കയറ്റമില്ലാതാക്കും എന്ന് പറഞ്ഞാണ് കോൺഗ്രസ് ഭരണകൂടം ഉദാരവത്ക്കരണ നയങ്ങൾ രാജ്യത്ത് അടിച്ചേൽപ്പിച്ചത്. വന്ന് വന്ന് വിലക്കയറ്റം എന്താണെന്ന് പോലും നാം മറന്നു പോയിരിക്കുന്നു എന്ന താണ് സത്യം. പെട്രോളിന്റെയും ഡീസലിന്റെയും വില എല്ലാ ദിവസവും പാചകവാതകത്തിന്റെ വില എല്ലാ മാസവും കൂടുകയാണ്. 2013 ൽ അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിലിന്റെ വില വീപ്പയ്ക്ക് ശരാശരി 120 ഡോള റായിരുന്നു. ഇപ്പോൾ അത് 65 ഡോളറായി താഴ്ന്നു. എന്നാൽ അന്നത്തെ വില നാം ഇപ്പോഴും കൊടുക്കുന്നു.

മാത്രമല്ല കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ മാത്രം പെട്രാളിന്റെ വില 5 രൂപയാണ് വർദ്ധിച്ചത്. എ.ടി.എം ൽ കയറിയാൽ കൈപൊള്ളും. ബാങ്ക് സേവനങ്ങൾ കീശ ചോർത്തുകയാണ്. മിനിമം ബാലൻസില്ലാത്തതിന്റെ പേരിൽ മാത്രം പിഴയിനത്തിൽ എസ്.ബി.ഐ ഈടാക്കിയത് 235 കോടി രൂപ!

കൊട്ടിഘോഷിച്ച ജി.എസ്.ടി കൊള്ളയുടെ പുതിയ വാതായനം തുറക്കുകയാണ്. ഇൻഷ്വറൻസ്, ബാങ്ക്, ചിട്ടി, ടെലഫോൺ എന്നിങ്ങനെ എല്ലാ സേവനങ്ങൾക്കും വില വർദ്ധിക്കുകയാണ്. ഉപ്പു മുതൽ കർപ്പൂരം വരെ എല്ലാത്തിനും വില വർദ്ധിച്ചു. 'Condom' ആവശ്യവസ്തുക്കളുടെ പട്ടികയിൽപ്പെടുത്തി നികുതിരഹിതമാക്കിയപ്പോൾ സ്ത്രീകൾ ഉപയോഗിക്കുന്ന 'Sanitary Napkin' ആഢംബര വസ്തുവായി, നികുതി 12%. ഭരണകൂടത്തിന്റെ സ്ത്രീവിരുദ്ധതയെക്കെതിരെ തൊഴിൽശാലകളിലും വിദ്യാലയങ്ങളിലും വമ്പിച്ച പ്രതിഷേധമാണുയർന്നത്. Bleed without Fear, Bleed without Tax എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് നടത്തിയ കാമ്പയിൻ ദേശീയ ശ്രദ്ധപിടിച്ചുപറ്റി. 'ഒരു രാജ്യം ഒരു നികുതി'യെന്ന് വായ്ത്താരിയിടുമ്പോൾ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടിയുടെ പരിധിയിൽ കൊണ്ടുവന്നില്ല. കാരണം മറ്റൊന്നുമല്ല, ഇവയുടെ വിലയുടെ 50% ഉം നികുതിയാണ്. ജി.എസ്.ടിയിൽ ഉൾപ്പെടുത്തിയാൽ ജനങ്ങളെ 28% മാത്രമേ പിഴിയാൻ കഴിയുള്ളൂ.

കളിയുടെ അവസാനം ആത്മഹത്യ ചെയ്യുന്ന കളിയുടെ പേരാണ് 'ബ്ലൂ വെയ്ൽ ഗെയിം'. എന്നാൽ ഒരു ആപ്പും ഡൗൺലോഡ് ചെയ്യാതെ ഈ കളി കളിക്കുന്നവരാണ് ഇന്ത്യയിലെ കർഷകർ. ഇവിടെ കളിക്കുന്നയാൾ മാത്രമല്ല, കുടുംബം ഒട്ടാകെയാണ് ആത്മഹത്യ ചെയ്യുന്നത്. 'ജയ് ജവാൻ ജയ് കിസാൻ' എന്ന മുദ്രാവാക്യമുയർന്ന നമ്മുടെ നാട്ടിൽ കഴിഞ്ഞ 15 വർഷത്തിനുള്ളിൽ 4 ലക്ഷം കർഷകരാണ് ആത്മഹത്യചെയ്തത്. മഹാരാഷ്ട്രയിൽ കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ 34 കർഷകരാണ് ആത്മഹത്യ ചെയ്തത്. മധ്യപ്രദേശിൽ ആത്മഹത്യ ചെയ്യാൻ അവിടുത്തെ ബിജെപി സർക്കാർ സമ്മതിച്ചില്ല. സർക്കാർ തന്നെ കർഷകരെ വെടിവച്ചുകൊന്നു. ഉല്പാദനചെലവിനോടൊപ്പം 50% തുക വർധിപ്പിച്ച് മിനിമം താങ്ങുവില പ്രഖ്യാപിക്കണമെന്ന സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന് പറഞ്ഞ് അധികാരം പിടിച്ചവരാണ് കർഷകരെ കൊന്നൊടുക്കുന്നത്.

ആത്മഹത്യ ചെയ്ത കർഷകരുടെ തലയോട്ടികൾ മാലയായി ധരിച്ചാണ് തമിഴ്നാട്ടിലെ കർഷകർ ഡൽഹിയിൽ ജന്ദർമന്ദിറിൽ സത്യാഗ്രഹമിരുന്നത്. താടിയും മീശയും മുടിയും പകുതി വടിച്ച്, അർധനഗ്നരായി അവർ പ്രകടനം നടത്തി. പുല്ലുമാത്രമല്ല എലിയെയും പാമ്പിനെയും അവർ പരസ്യമായി ഭക്ഷിച്ചു. സ്വന്തം മൂത്രംകുടിച്ചു വേണ്ടിവന്നാൽ മലവും ഭക്ഷിക്കുമെന്ന് പ്രഖ്യാപിച്ചു. അപ്പോഴാണ് 56 ഇഞ്ച് നെഞ്ചളവുള്ള പ്രധാനമന്ത്രിയ്ക്ക് വീണ്ടുവിചാരമുണ്ടായത്. കർഷകർ അത് ചെയ്താൽ പ്രധാനമന്ത്രിക്കസേര നിലം പതിക്കുമെന്ന് മനസിലാക്കിയാണ് ചർച്ച ചെയ്യാൻ പോലും സന്നദ്ധമായത്. ചർച്ച നടന്നെങ്കിലും പ്രശ്നങ്ങൾ അവസാനിച്ചിട്ടില്ല. കർഷകർ അടുത്ത ഘട്ടസമരത്തിന് തയ്യാറെടുക്കുകയാണ്.

രാജ്യത്തെ പൊതുമേഖലകളുടെ സ്വത്തും വിദേശികൾക്ക് പണയം വയ്ക്കുന്ന, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പിടിച്ചുപറിക്കുന്ന കേന്ദ്ര നയത്തിനെതിരെ രാജ്യത്തെ തൊഴിലാളികളും പ്രക്ഷോഭത്തിനൊരുങ്ങുകയാണ്. ഭരണകൂടത്തിന്റെ നെറികേടുകൾക്കെതിരെ ജാതിമതചിന്തകൾക്കതീതമായി തൊഴിലാളി-കർഷക-കർഷത്തൊഴിലാളി ഐക്യം ഉയർന്നുവരികയാണ്. രാജ്യത്തെ ശരിയായ ദിശയിലേക്ക് ചലിപ്പിക്കാനുള്ള ഉജ്ജ്വലമായ സമരമുന്നേറ്റത്തിന് രാജ്യം വരും നാളുകളിൽ സാക്ഷ്യം വഹിക്കും. ഈ പ്രക്ഷോഭത്തിലേക്ക് എല്ലാ വിഭാഗം ജീവനക്കാരെയും ഞങ്ങൾ സഹർഷം സ്വാഗതം ചെയ്യുന്നു.

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി

*71-ാം സ്വാതന്ത്ര്യപുലരിയിൽ പ്രശസ്ത കവി പ്രഭാവർമയുടെ ചിന്തോദ്ദീപകമായ കവിത ചുവടെ കൊടുക്കുന്നു.*

സ്വാതന്ത്ര്യത്തിന്നേഴു പതിറ്റാണ്ടാകും
പുലരിയിലിന്ത്യക്കാർക്കാകെ-
ക്കണി കണ്ടുണരാനായി-
ങ്ങെഴുപതു പിഞ്ചുജഡം മുന്നിൽ
സ്വാതന്ത്ര്യം! ഹാ സ്വാതന്ത്ര്യം!
മൃതിയടയാനെന്തൊരു സ്വാതന്ത്ര്യം!